തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
## അമ്പത്തിമൂന്നാമത് യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, തിരൂർ**
**2022 മാർച്ച് 08 ചൊവ്വാഴ്ച, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**
1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീ പ്രസാദ് ആർ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. ഡോ. വി. ലിസ്സി മാത്യു
6. ഡോ. കെ.കെ.എൻ. കുറുപ്പ്

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2022.01**

വിഷയം: **നിർവാഹകസമിതിയുടെ 52-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 52-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2022.02**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2022.03**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു.

ഇനം നമ്പർ: **2022.04**

വിഷയം: **2022-23 സാമ്പത്തികവർഷത്തെ സാമ്പത്തിക എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: അടിയന്തിരസാഹചര്യം കണക്കിലെടുത്ത് സാമ്പത്തിക എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവ് ഇറക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു. 2022-23 സാമ്പത്തികവർഷത്തെ വാർഷികബജറ്റ് പൊതുസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(നം. 142/2022/ഫിൻ - ഫിനാൻസ്‌വിഭാഗം)

ഇനം നമ്പർ: **2022.05**

വിഷയം: **2021-22 സാമ്പത്തികവർഷത്തെ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 2021-22 സാമ്പത്തികവർഷത്തെ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകൾ അംഗീകരിച്ച് ഉത്തരവ് ഇറക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു.

(നം. 1940/2019/ഫിൻ - ഫിനാൻസ്‌വിഭാഗം)

ഇനം നമ്പർ: **2022.06**

വിഷയം: **2021-22 സാമ്പത്തികവർഷത്തെ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും പുനഃക്രമീകരണം നടത്തിയതനുസരിച്ച് പുതുക്കിയ ബജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സർക്കാർ ഉത്തരവ് (G.O. (Rt) No. 6514/2021/Fin, dated 05.10.2021)അനുസരിച്ച് 2021-22 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്, ബജറ്റ് ശീർഷകം 2202-03-102-72-36 ശമ്പളേതര ഇനത്തിൽ അനുവദിച്ച 517.65 ലക്ഷം രൂപയിൽ നിന്നും 345 ലക്ഷം രൂപ 2202-03-102-72-31 ശീർഷകത്തിലേക്ക് ധനപുനക്രമീകരണം വഴി മാറ്റിയ സർക്കാർ നടപടി ശ്രദ്ധിച്ചു.

(നം. 1306/2020/ഫിൻ - ഫിനാൻസ്‌വിഭാഗം)

* ഇനം നമ്പർ: **2022.07**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പൊതുസഭ, നിർവാഹകസമിതി, അക്കാദമിക് കൗൺസിൽ, പഠനബോർഡുകൾ എന്നിവയിൽ പങ്കെടുക്കുന്നവർക്കും ഇന്റർവ്യൂകളിൽ പങ്കെടുക്കുന്ന വിഷയവിദഗ്ദ്ധർക്കും നൽകികണ്ടിരിക്കുന്ന സിറ്റിങ് ഫീ, ക്ഷാമബത്ത യാത്രാപടി എന്നിവ പുതുക്കി നൽകുന്നത് സംബന്ധിച്ച്.**

തീരുമാനം: 1. പൊതുസഭയുടെയും നിർവാഹകസമിതിയുടെയും യോഗങ്ങളിൽ പങ്കെടുക്കുന്ന സർക്കാർ പ്രതിനിധികൾക്കും നിർവാഹകസമിതി അംഗമായിരുന്ന അഡ്ജങ്റ്റ് ഫാക്കൽറ്റിയായ ശ്രീ കെ.പി. രാമനുണ്ണിക്കും നിയമാനുസൃത

മായി അംഗീകരിക്കപ്പെട്ടിട്ടുള്ള സിറ്റിങ് ഫീ നൽകി അനുവദിക്കാൻ തീരുമാനിച്ചു.

2. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സിറ്റിങ് ഫീ, ക്ഷാമബത്ത, യാത്രാപടി എന്നിവ കാലോചിതമായി പുതുക്കുന്ന വിഷയം ധനകാര്യകമ്മിറ്റിയുടെ പരിഗണനക്ക് വിടാൻ തീരുമാനിച്ചു.

3. നിർവാഹകസമിതിയുടെ അംഗീകാരത്തിനു വിധേയമായി വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ച (നം. 1003/എ1/അക്കൗണ്ട്സ്/2021. തീയതി 19.03.2021) നടപടി സാധൂകരിച്ചു.

(നം. 1775/2021/അക്കൗണ്ട്സ് - ഫിനാൻസ്‌വിഭാഗം)

* ഇനം നമ്പർ: **2022.08**

വിഷയം: **07.03.2022 ന് ചേർന്ന പണ്ഡിതസഭയുടെ ഇരുപത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: പണ്ഡിതസഭയുടെ ഇരുപത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ ചർച്ച ചെയ്ത് നിർവാഹകസമിതി അംഗീകരിച്ചു.

(നം. 597/2018/വി.സി - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.09**

വിഷയം: **കാമ്പസ് വികസനത്തിന്റെയും ആസ്ഥാനമന്ദിരനിർമാണത്തിന്റെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായ കോസ്റ്റ്ഫോർഡിന് കരാറിന്റെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ഫീസായി 14 ലക്ഷം രൂപ നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 1. നിയമാനുസൃതമായി സർവകലാശാല കോസ്റ്റ്ഫോർഡുമായി ഒപ്പുവെച്ച കരാറിലെ '3എ' നിബന്ധനപ്രകാരം പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ഫീസായി പ്രസ്തുത സ്ഥാപനത്തിന് നൽകുവാൻ ബാദ്ധ്യസ്ഥമായ 0.5% ഉം അതിന്റെ 18% ചരക്കുസേവനനികുതിയും അടങ്ങിയ 81,44,342/- (എൺപത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റിനാൽപ്പത്തി രണ്ട് രൂപ) രൂപ നൽകുവാൻ തീരുമാനിച്ചു. അവർ ആവശ്യപ്പെട്ട പ്രസ്തുത തുക ഫണ്ടിന്റെ അപര്യാപ്തത മൂലം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ, ആദ്യ ഗഡുവായി 14 ലക്ഷം രൂപ കോസ്റ്റ്ഫോർഡിനു നൽകിയ വൈസ് ചാൻസലറുടെ നടപടി അംഗീകരിച്ചു. ബാക്കിതുകയായ 67,44,342 രൂപ (അറുപത്തിയേഴ് ലക്ഷത്തി നാൽപത്തിനാലായിരത്തി മുന്നൂറ്റിനാൽപത്തിരണ്ട് രൂപ) കാമ്പസ് വികസനത്തിനും കെട്ടിടസമുച്ചയങ്ങളുടെ നിർമാണത്തിനുമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 20 കോടി രൂപ സർവകലാശാലയിൽ ലഭിക്കുന്ന മുറക്ക് ഘട്ടംഘട്ടമായി അതിൽ നിന്നും കോസ്റ്റ്ഫോർഡിനു അനുവദിച്ചു നൽകുവാനും തീരുമാനിച്ചു.

2. കോസ്റ്റ്ഫോർഡ് സർവകലാശാലക്ക് സമർപ്പിച്ചിട്ടുള്ള വിശദ പദ്ധതി റിപ്പോർട്ടിന് (ഡി.പി.ആർ) നിർവാഹകസമിതി അംഗീകാരം നൽകി.

(നം. 457/ക്യാമ്പ.ഡവ./2020/വി.സി. - വി.സി. കാര്യാലയം)

* ഇനം നമ്പർ: **2022.10**

വിഷയം: **അസാപിന്റെ കോഴ്സുകളുടെ പഠനവിഷയങ്ങൾ ഇംഗ്ലീഷിൽ നിന്നും മലയാള ഭാഷയിലേക്കോ തിരിച്ചോ പരിഭാഷപ്പെടുത്തുന്നതു സംബന്ധിച്ച പ്രോജക്ട് മലയാളസർവകലാശാല ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കുറിപ്പ് നിർവാഹകസമിതിയുടെ പരിഗണനക്കു സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അസാപിന്റെ (ASAP) അദ്ധ്യക്ഷയായ ഡോ. ഉഷ ടൈറ്റസ് IAS സർവകലാശാലയോട് ആവശ്യപ്പെട്ട പ്രകാരം അസാപ് നടത്തുന്ന കോഴ്സുകളുടെ പഠനവിഷയങ്ങളും മറ്റും ഇംഗ്ലീഷിൽ നിന്നും മലയാളഭാഷയിലേക്കും തിരിച്ചും പരിഭാഷപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പ്രോജക്ട് ഏറ്റെടുക്കുവാൻ നിർവാഹകസമിതി അംഗീകാരം നൽകി. മലയാളസർവകലാശാലയും പ്രസ്തുത സ്ഥാപനവും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ച് അതിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് പ്രോജക്ട് നടപ്പിൽ വരുത്തേണ്ടതാണ്. പരിഭാഷാപ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് വിജയകരമായി നിർവഹിക്കുന്നതിന് ആവശ്യമായ മാനവവിഭവശേഷി കണ്ടെത്തുന്നതിനായി അദ്ധ്യാപകർ, ഗവേഷകർ അതോടൊപ്പം പരിഭാഷാ പ്രവർത്തനങ്ങളിൽ മുൻപരിചയമുള്ളവർ എന്നിവരുടെ പാനൽ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പ്രസ്തുത പാനലിൽ നിന്നും ആവശ്യാനുസരണം സമർത്ഥരായവരെ നിയോഗിച്ച് പരിഭാഷാ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തേണ്ടതുമാണ്.

പരിഭാഷയുമായി ബന്ധപ്പെട്ട് അസാപ് മലയാളസർവകലാശാലയെ ഏൽപിച്ചിട്ടുള്ള പ്രോജക്ട് സംബന്ധിച്ച പ്രവർത്തനങ്ങൾ നാക് അക്രഡിറ്റേഷനുവേണ്ടി ഐ.ക്യു.എ.സി.ക്കു സമർപ്പിക്കുന്ന സെൽഫ് സ്റ്റഡി റിപ്പോർട്ടിൽ (SSR) പ്രതിപാദിക്കേണ്ടതാണെന്നും നിർവാഹകസമിതിയോഗം നിർദ്ദേശിച്ചു.

(നം. 3020/EWL/ASAP/2021 - വി.സി. കാര്യാലയം)

* ഇനം നമ്പർ: **2022.11**

വിഷയം: **2020 ഒക്ടോബർ 15 മുതൽ പ്രവർത്തനമാരംഭിച്ച ശ്രേഷ്ഠമലയാള ഭാഷാപഠന മികവുകേന്ദ്രത്തിന്റെ കെട്ടിട ഉടമക്ക് പ്രതിമാസവാടക നൽകുന്നതും നാളിതുവരെയുള്ള കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട കുറിപ്പ് നിർവാഹകസമിതിയുടെ പരിഗണനക്കു സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: കേന്ദ്രമാനവ വികസന വിഭവശേഷി മന്ത്രാലയം മലയാളസർവകലാശാലയിൽ അനുവദിച്ച ശ്രേഷ്ഠ മലയാള ഭാഷാപഠന മികവുകേന്ദ്രത്തിന്റെ പ്രവർത്തനത്തിനുവേണ്ടി സർക്കാർ നിർദേശാനുസരണം എടുത്തിട്ടുള്ള വാടക കെട്ടിടത്തിന്റെ ഉടമയായ പട്ടത്ത് വീട് ശ്രീ നാസറുമായി, 13.01.2022 ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള G.O.(Rt)No. 76/2022/HEDN എന്നതിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാറിൽ ഏർപ്പെടുവാൻ യോഗം അനുമതി നൽകി.

സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് മികവ്കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ച 15.10.2020 മുതൽ ഇന്നേദിവസം വരെയുള്ള കെട്ടിട വാടക, വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവയുടെ കുടിശിക അടക്കമുള്ള മുഴുവൻ തുകയും സർക്കാർ ഉത്തരവ് അനുസരിച്ച് സർവകലാശാലയുടെ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും നൽകുവാനും യോഗം അനുമതി നൽകി.

(നം. 957/2018/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.12**

വിഷയം: **സർവകലാശാലാ വിദ്യാർത്ഥികളിൽ നിന്നും ബിരുദ/ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് മുമ്പ് 'സ്ത്രീധനം വാങ്ങിക്കുകയോ കൊടുക്കുകയോ ചെയ്യില്ല' എന്ന സത്യവാങ്മൂലം വാങ്ങിക്കണമെന്ന ബഹു. ചാൻസലറുടെ നിർദേശത്തിൻമേൽ സർവകലാശാലാ സ്റ്റാന്റിങ് കൗൺസൽ നൽകിയ നിയമോപദേശം അനുസരിച്ച് നടപടികൾ എടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ബഹു. കേരള ഗവർണറുടെ പ്രൈവറ്റ് സെക്രട്ടറി സർവകലാശാലക്ക് അയച്ച 14.07.2021 ലെ കത്തിൽ ആവശ്യപ്പെട്ട പ്രകാരം സർവകലാശാല വിദ്യാർത്ഥികളിൽ നിന്നും 'സ്ത്രീധനം വാങ്ങിക്കുകയോ കൊടുക്കുകയോ ചെയ്യില്ല' എന്ന സത്യപ്രസ്താവന എഴുതി വാങ്ങിക്കണമെന്നത് സംബന്ധിച്ച് സ്റ്റാന്റിങ് കൗൺസൽ അഡ്വ. പി.സി. ശശിധരൻ നൽകിയ നിയമോപദേശം അംഗീകരിച്ചു.

ഇക്കാര്യത്തിൽ മറ്റ് സർവകലാശാലകൾ സ്വീകരിച്ച നടപടികൾ പരിശോധിച്ച് ആവശ്യമായ തീരുമാനം നടപ്പിലാക്കാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

(നം. 1220/2019/പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2022.13**

വിഷയം: **പ്രസിദ്ധീകരണ ഉപദേശകസമിതിയുടെ പത്താമത് യോഗം കൈക്കൊണ്ട തീരുമാനങ്ങളിലെ നയപരമായ വിഷയങ്ങളായ 8, 18, 19, 22 ഇനങ്ങളുടെ അംഗീകാരം സംബന്ധിച്ച്**

തീരുമാനം: 2021 സെപ്തംബർ 17 ന് ചേർന്ന പ്രസിദ്ധീകരണ ഉപദേശകസമിതിയുടെ പത്താമത് യോഗത്തിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ മിനുറ്റ്സ് യോഗം അംഗീകരിച്ചു. അതിലെ 8, 18, 19, 22 ഇനങ്ങളിൽ താഴെപറയുന്ന തീരുമാനങ്ങളെടുത്തു.

1. കലാസാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച അക്കാദമിക് പണ്ഡിതൻമാരുടെ മേൽനോട്ടത്തിൽ യുവഗവേഷകർക്ക് ഗ്രന്ഥരചന നടത്തുന്നതിനു വേണ്ടി ഫെലോഷിപ്പുകൾ നൽകുന്നതിനുള്ള ഗ്രന്ഥരചനാ ഫെലോഷിപ്പുകൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. 25,000 രൂപ വീതം രണ്ട് ഗവേഷകർക്ക് ഗ്രന്ഥരചനാ ഫെലോഷിപ്പുകൾ നൽകാവുന്നതാണ്. (ഇനം-08)

2. ലോകോത്തരമായ വൈജ്ഞാനിക കൃതികളെ മാതൃഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള വൈജ്ഞാനികകൃതികളുടെ വിവർത്തനപദ്ധതി നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു. വിദേശഭാഷകളിലെയും പ്രാദേശികഭാഷകളിലെയും ശാസ്ത്രമാനവിക വിഷയങ്ങളിലുള്ള വൈജ്ഞാനിക കൃതികൾ തിരഞ്ഞെടുക്കുന്ന ഘട്ടത്തിൽ മലയാളസർവകലാശാല നടത്തുന്ന കോഴ്സും കരിക്കുലവുമായി ബന്ധപ്പെട്ട വൈജ്ഞാനികഗ്രന്ഥങ്ങൾക്ക് മുൻഗണന നൽകികൊണ്ടായിരിക്കണം പദ്ധതി നടപ്പിൽ വരുത്തേണ്ടതെന്നും യോഗം തീരുമാനിച്ചു. (ഇനം-18)

3. പ്രസിദ്ധീകരണവിഭാഗം വിപുലീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനു അവശ്യമായ അസിസ്റ്റന്റ് എഡിറ്റർ, ഡി.ടി.പി. ഓപ്പറേറ്റർ/പ്രൂഫ് റീഡർ എന്നിവരെ കരാർ വ്യവസ്ഥയിൽ വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ താൽകാലികമായി നിയമിക്കുവാനും യോഗം തീരുമാനിച്ചു. ഇക്കാര്യം സർക്കാരിൽ റിപ്പോർട്ട് ചെയ്യാവുന്നതുമാണ്. (ഇനം-19)

4. സർവകലാശാല ജേണലുകൾ ഓൺലൈനായി പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശത്തിന് അനുമതി നൽകി. (ഇനം-22)

(നം. 205/2019/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.14**

വിഷയം: **സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില കാലോചിതമായി പുതുക്കി നിശ്ചയിക്കൽ.**

തീരുമാനം: സർവകലാശാല പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നിലവിൽ പേജൊന്നിന് 90 പൈസയാണ്. അത് വർദ്ധിപ്പിച്ച് ഒരു പേജിന് ഒരു രൂപ അമ്പത് പൈസ പ്രകാരമുള്ള വില നിശ്ചയിക്കാൻ തീരുമാനിച്ചു. ഇനി മുതൽ അച്ചടിക്കുന്ന പുസ്തകങ്ങളുടെ ലിപിവിന്യാസം യുണീകോഡ് RIT Rachana ഫോണ്ടിൽ ചെയ്യുവാൻ നിർദേശിച്ചു.

സർവകലാശാല പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ കാര്യക്ഷമമായ വിപണനത്തിനായി സർവകലാശാലയിൽ ഒരു വിൽപ്പന കൗണ്ടറും പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നതിനായി ഡിസ്പ്ലേ ബോർഡും ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.

കേരളത്തിലെ മറ്റ് സർവകലാശാലകളുമായും പ്രത്യേകിച്ചും, മറ്റ് സർവകലാശാലകളിലെ മലയാളവിഭാഗങ്ങളുമായും സാംസ്കാരികസ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ എന്നിവയുമായും ബന്ധപ്പെട്ടുകൊണ്ട് മലയാളസർവകലാശാലയുടെ പുസ്തകങ്ങളുടെ വിൽപ്പന വിപുലീകരിക്കാൻ തീരുമാനിച്ചു. പ്രസിദ്ധീകരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിശദമായ ഒരു രൂപരേഖയും റിപ്പോർട്ടും തയ്യാറാക്കി വിപുലീകരിക്കപ്പെട്ട നിർവാഹകസമിതിയുടെ ആദ്യയോഗത്തിൽ അവതരിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നം. 552/2020/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.15**

വിഷയം: **കാലിക്കറ്റ് യൂണിവേഴ്സ്റ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡുമായി അച്ചടി കരാറുകൾ ഉണ്ടാക്കുവാനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച്.**

തീരുമാനം: മലയാളസർവകലാശാലയുടെ പുസ്തകപ്രസിദ്ധീകരണമടക്കമുള്ള അച്ചടി ജോലികൾ നിർവഹിക്കാൻ താൽപര്യം പ്രകടിപ്പിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോറുമായി വിശദമായ ചർച്ച നടത്തേണ്ടതാണ്. കെ.ബി.പി.എസ്. നൽകുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ അച്ചടിജോലികൾ ഏൽപിക്കുന്നതിന് അവരുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച് അതിലെ വ്യവസ്ഥകൾ പാലിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുവാൻ യോഗം അനുമതി നൽകി. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം രണ്ടോ മൂന്നോ പുസ്തകങ്ങളുടെ പ്രവൃത്തി ഏൽപിക്കുന്നതായിരിക്കും അഭികാമ്യമെന്ന് യോഗം നിർദ്ദേശിച്ചു.

(നം. 2051/2021/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2022.16**

വിഷയം: **മലയാളസർവകലാശാലയുടെ പുസ്തകവിൽപനയിലൂടെ എസ്.പി.സി.എസ്. സർവകലാശാലക്ക് നൽകാനുള്ള തുക ലഭ്യമാക്കലും പ്രസിദ്ധീകരണ വിഭാഗത്തിന്റെ വിപുലീകരണവും ഭാവിപ്രർത്തനങ്ങളും സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയുടെ പുസ്തകങ്ങൾ വിറ്റ വകയിൽ എസ്.പി.സി.എസിൽ നിന്നും ഇതുവരെ ലഭിക്കുവാനുള്ള 6,95,618 രൂപ മൂന്ന് ഗഡുകളായി ഏപ്രിൽ 15 നുള്ളിൽ നൽകി തീർക്കുമെന്ന് അറിയിച്ചുകൊണ്ട് എസ്.പി.സി.എസ്. അയച്ച കത്തിലെ വിവരങ്ങൾ യോഗം ശ്രദ്ധിച്ചു. അതിൽ പറഞ്ഞ പ്രകാരമുള്ള മുഴുവൻ തുകയും സമയബന്ധിതമായി സർവകലാശാലക്കു ലഭിക്കുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിച്ച് തുടർന്നുള്ള യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചു.

പ്രസിദ്ധീകരണവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനാവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങി നൽകണമെന്നും തീരുമാനിച്ചു. അതോടൊപ്പം അടുത്ത വർഷത്തെ ബജറ്റിൽ ഹെവി ഡ്യൂട്ടി കളർ പ്രിന്റിങ്ങിനു ഉതകുന്ന വിധമുള്ള പ്രിന്റിങ് മെഷീൻ വാങ്ങുന്നതിനാവശ്യമായ നടപടികൾ എടുക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി. പ്രസിദ്ധീകരണ വിഭാഗത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ എടുക്കുവാൻ യോഗം രജിസ്ട്രാറെ ചുമതലപ്പെടുത്തി.

(നം. 349/2022/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

* ഇനം നമ്പർ: **2022.17**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ നിലവിലെ ക്യാമ്പസിലെ ഭൗതികസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെയും ശ്രേഷ്ഠമലയാളഭാഷാപഠനമികവ് കേന്ദ്രം സ്ഥാപിക്കുന്നതിന്റെയും ഭാഗമായി കെട്ടിടം പണിയുന്നതിന് ഉന്നതവിദ്യാഭ്യാസവകുപ്പ് അനുവദിച്ച 275 ലക്ഷം രൂപയുടെ കാലാഹരണപ്പെട്ട ഭരണാനുമതി വീണ്ടെടുക്കുന്ന മുറക്ക് കോസ്റ്റ്ഫോർഡ് സമർപ്പിച്ചിട്ടുള്ള കരാറിൽ ഏർപ്പെടുന്നതുമായ ബന്ധപ്പെട്ട വിഷയം നിർവാഹകസമിതിയുടെ പരിഗണനക്കായി സമർപ്പിക്കുന്ന കുറിപ്പ്**

തീരുമാനം: സർവകലാശാലയുടെ നിലവിലെ കാമ്പസിൽ ക്ലാസുകൾ നടത്തുന്നതിനും മികവുകേന്ദ്രത്തിന്റെ പ്രവർത്തനത്തിനുമായി നിർമിക്കുന്ന നിർദ്ദിഷ്ട കെട്ടിടത്തിനുവേണ്ടി 2018-19 വർഷത്തെ ബജറ്റിൽ സർക്കാർ അനുവദിച്ച 2.75 കോടി രൂപയുടെ ഭരണാനുമതി പുതുക്കി പണം ലഭ്യമാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കാൻ യോഗം നിർദ്ദേശിച്ചു. അതോടൊപ്പം സർക്കാർ അംഗീകരിച്ചിട്ടുള്ള പുതുക്കിയ പി.ഡബ്ല്യു.ഡി. നിരക്കിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അഡീഷണൽ കരാറിൽ ഏർപ്പെട്ട് സർക്കാർ ഫണ്ട് ലഭിക്കുന്ന മുറക്ക് കെട്ടിടത്തിന്റെ നിർമാണപ്രവൃത്തികൾ കോസ്റ്റ്ഫോർഡിനെ ഏൽപിച്ച് കരാറിലെ വ്യവസ്ഥകൾ പ്രകാരം കെട്ടിടത്തിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ യോഗം അനുമതി നൽകി. കോസ്റ്റ്ഫോർഡ് പുതുക്കി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് കരാറിൽ ഏർപ്പെടുവാൻ യോഗം രജിസ്ട്രാർക്ക് അനുമതി നൽകി.

(556/2018/ഫിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.18**

വിഷയം: **ചലച്ചിത്രപഠനസ്കൂളിലേക്ക് അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിനുള്ള അനുപേക്ഷണീയ യോഗ്യതയായി പരിഗണിക്കേണ്ട യു.ജി.സി. നിയമപ്രകാരമുള്ള പ്രസക്തവും അനുബന്ധവുമായ വിഷയങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഡീൻ ഫാക്കൽറ്റിയുടെ ഉപദേശപ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം സാധൂകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിലെ ചലച്ചിത്രപഠനസ്കൂളിലേക്ക് അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിനുള്ള അനുപേക്ഷണീയ വിദ്യാഭ്യാസയോഗ്യത 2018 ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം, പ്രസക്തവും അനുബന്ധവുമായ വിഷയങ്ങൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് ഫാക്കൽറ്റി ഡീൻ ഡോ. കർണമഹാരാജൻ നൽകിയ വിദഗ്ദ്ധ ഉപദേശം മാനിച്ച് വൈസ് ചാൻസലർ എടുത്തിട്ടുള്ള തീരുമാനവും അപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവും യോഗം അംഗീകരിച്ചു.

(നം. 861/രജി/കോൺഫി/2021 - ഭരണവിഭാഗം)

ഇനം നമ്പർ: **2022.19**

വിഷയം: **ശ്രീ കെ. കൃഷ്ണൻ അപേക്ഷിച്ച പ്രകാരം, 01.03.2021 മുതൽ ഒരു വർഷത്തേക്ക് എസ്റ്റേറ്റ് ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച വൈസ് ചാൻസലറുടെ നടപടിക്രമം നിർവാഹകസമിതിയുടെ പരിഗണനക്കുന്നത് സംബന്ധിച്ച്**

തീരുമാനം: എസ്റ്റേറ്റ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ കെ. കൃഷ്ണനെ 01.03.2021 മുതൽ മുൻകാല പ്രാബല്യം നൽകി കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച വൈസ് ചാൻസലറുടെ ഉത്തരവ് (03.02.2022 ലെ 2073/2021/എ.എ.ഒ. എന്ന സർവകലാശാല ഉത്തരവ്) യോഗം സാധൂകരിച്ചു.

(നം. 2073/2021/എ.എ.ഒ. - ഭരണവിഭാഗം)

ഇനം നമ്പർ: **2022.20**

വിഷയം: **പരിസ്ഥിതിപഠന സ്കൂൾ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പുനർവിജ്ഞാപനം ചെയ്യുമ്പോൾ അപേക്ഷകരുടെ അടിസ്ഥാനയോഗ്യത സംബന്ധിച്ച വിദഗ്ദ്ധസമിതി റിപ്പോർട്ട് അംഗീകരിച്ച വൈസ് ചാൻസലറുടെ നടപടിക്രമം നിർവാഹകസമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: പരിസ്ഥിതിപഠന സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പുനർവിജ്ഞാപനം ചെയ്യുമ്പോൾ അപേക്ഷകരുടെ അടിസ്ഥാന/അഭിലഷണീയ യോഗ്യതയായി 2018 ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം നിശ്ചയിക്കേണ്ട വിഷയങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കുവാൻ 2021 ജൂൺ 01 ന് ചേർന്ന നിർവാഹകസമിതി യോഗം 2021-29-ാമത് ഇനമായി തീരുമാനമെടുത്ത് വൈസ് ചാൻസലറെ ചുമതലപ്പെടുത്തിയിരുന്നു. അതു നടപ്പിലാക്കി വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു വൈസ് ചാൻസലർ തീരുമാനമെടുത്തു പുറപ്പെടുവിച്ച ഉത്തരവ് (നമ്പർ: 861/2020/അഡ്മിൻ, തീയതി: 01.06.2021) യോഗം അംഗീകരിച്ചു.

(നം. 861/2020/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.21**

വിഷയം: **സാഹിത്യരചന സ്കൂൾ- അഡ്ജങ്റ്റ് ഫാക്കൽറ്റി നിയമനം**

തീരുമാനം: സാഹിത്യരചനസ്കൂളിലെ അഡ്ജങ്റ്റ് ഫാക്കൽറ്റിയായി ശ്രീ കെ.പി. രാമനുണ്ണിയെ 03.12.2021 മുതൽ ഒരു വർഷത്തേക്ക് കൂടി പ്രതിമാസം 30,000/- രൂപ സഞ്ചിതവേതനത്തിൽ നിയമിച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി യോഗം അംഗീകരിച്ചു.

(2052/അഡ്ജങ്റ്റ് ഫാക്കൽറ്റി/2018 - ഭരണവിഭാഗം)

ഇനം നമ്പർ: **2022.22**

വിഷയം: **വിവിധ പ്രോജക്റ്റുകളെക്കുറിച്ചുള്ള സമഗ്രാന്വേഷണം നടത്തുന്നതിനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയിലെ വിവിധ പ്രോജക്ടുകളെക്കുറിച്ച് സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിർവാഹകസമിതിയുടെ നാൽപ്പത്തിമൂന്നാമത് 9/43 ഇനമായി കൈക്കൊണ്ട തീരുമാനപ്രകാരം 04.11.2020 ന് രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് വിപുലീകരിക്കപ്പെട്ട നിർവാഹകസമിതിയുടെ അവതരിപ്പിക്കുന്നതിനായി മാറ്റി വെച്ചു.

(874/എ1/2019/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.23**

വിഷയം: **സർക്കാർ ഉത്തരവ് സർവകലാശാലയ്ക്ക് ബാധകമാക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 15.09.2021 ന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നമ്പർ 634/2021/ഡി.എം.ഡി മലയാളസർവകലാശാലയിൽ നടപ്പിലാക്കികൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി നിർവാഹകസമിതിയോഗം അംഗീകരിച്ചു.

(698/എ1/2020/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.24**

വിഷയം: **പ്രസിദ്ധീകരണവിഭാഗം - പബ്ലിക്കേഷൻ ഓഫീസർ നിയമനം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിലെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിച്ചു നടപ്പിൽ വരുത്തുന്നതിനായി താൽകാലികാടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ഡോ. ശ്രീകുമാർ എം.ജി. യെ 01.02.2022 മുതൽ ഒരു വർഷത്തേക്ക് പ്രതിമാസം 30,000 രൂപ സഞ്ചിതവേതനം നിശ്ചയിച്ച് നിയമിച്ചുകൊണ്ടുള്ള വൈസ് ചാൻസലറുടെ ഉത്തരവ് (നമ്പർ: 2894/എ1/അഡ്മിൻ, തീയതി: 02.02.2022) പ്രകാരമുള്ള നടപടി യോഗം അംഗീകരിച്ചു.

(2894/എ1/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.25**

വിഷയം: **സെക്യൂരിറ്റി ജീവനക്കാരുടെ കരാർ പുതുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ദിവസവേതനാടിസ്ഥാനത്തിൽ സർവകലാശാലയിൽ സുരക്ഷാജീവനക്കാരായി നിലവിൽ ജോലി ചെയ്തുവരുന്ന എട്ടു പേരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കോ പി.എസ്.സി. മുഖേന സ്ഥിരനിയമനം നടക്കുന്നതുവരേയോ ഏതാണോ ആദ്യം അതുവരെ നിയമിക്കുവാൻ യോഗം അനുമതി നൽകി. ഇവർക്ക് 09.07.2019 സ.ഉ. (അച്ചടി) നം. 81/2019/ധന പ്രകാരം

പ്രതിമാസം സഞ്ചിതവേതനമായി 20,760/- രൂപ നൽകുവാനും തീരുമാനിച്ചു. ഈ തീരുമാനത്തിന് മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ടി ജീവനക്കാർ സർവകലാശാലയുമായി 200 രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണെന്നും തീരുമാനിച്ചു.

(1967/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.26**

വിഷയം: **കലാഫാക്കൽറ്റിയുടെ ആഭിമുഖ്യത്തിൽ കലാമേള നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച്**

തീരുമാനം: കലാഫാക്കൽറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 15, 16, 17 തീയതികളിലായി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള കലാമേള സംബന്ധിച്ച വിശദമായ റിപ്പോർട്ട് യോഗം അംഗീകരിച്ചു.

(2862/എ1/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.27**

വിഷയം: **ഡിജിറ്റൈസേഷൻ- നെറ്റ്‌വർക്കിംഗ്, സെർവർ, സ്റ്റോറേജ് ഉപകരണങ്ങളുടെ വിതരണവും ഇൻസ്റ്റലേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചതിന് 74,61,179.7/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ( ULCCS) നൽകിയത് സാധൂകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലയിൽ ഡിജിറ്റൈസേഷൻ നടപ്പിലാക്കാൻ നിർവാഹകസമിതി കൈക്കൊണ്ട തീരുമാനപ്രകാരം ഊരാളുങ്കൽ ടെക്നോളജിയുമായി സർവകലാശാല രജിസ്ട്രാർ കരാറിൽ ഏർപ്പെട്ടിരുന്നു. അപ്രകാരമുള്ള കരാറിലെ വ്യവസ്ഥകൾ പൂർണമായും പാലിച്ച് ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി അവർ സമർപിച്ച ബില്ലു പ്രകാരമുള്ള 74,61,179.79 രൂപ സാങ്കേതിക സമിതിയുടെ പരിശോധനയും ശുപാർശയും കണക്കിലെടുത്ത് തുക അനുവദിച്ചു നൽകി വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് നം. 2177/2019/പ.വി./ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ യോഗം അംഗീകരിച്ചു.

(2177/2019/പി.എ./ഡിജിറ്റലൈസേഷൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.28**

വിഷയം: **07.07.2021 ലെ ബഹു.കേരള ഹൈക്കോടതിയുടെ WP(C) 8952/2021 കേസിലെ വിധിന്യായം നടപ്പാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ബഹു. കേരള ഹൈക്കോടതി 07.07.2019 ന് പുറപ്പെടുവിച്ച WP(C) 8952/2021 കേസിലെ വിധിന്യായം നടപ്പിലാക്കി 16.10.2021 ന് സർക്കാർ ഇറക്കിയ ഉത്തരവ് സ.ഉ. (സാധൂ) നം. 1378/2021/ഉ.വി.വ. മലയാളസർവകലാശാലയിൽ നടപ്പിൽ വരുത്താൻ തീരുമാനിച്ചു.

(1800/2018/അഡ്മിൻ/(1) - ഭരണവിഭാഗം)

ഇനം നമ്പർ: **2022.29**

വിഷയം: **സർക്കാരിന്റെ ആരോഗ്യ ഇൻഷൂറൻസ് പദ്ധതി (MEDISEP) പ്രകാരമുള്ള വ്യവസ്ഥകൾ / നിർദ്ദേശങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കിയ സംബന്ധിച്ച വിവരം നിർവാഹകസമിതിക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: 24.04.2017 ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ. (അച്ചടി) നം. 54/2017/ധന ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സംസ്ഥാനസർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷൂറൻസ് പദ്ധതി (MEDISEP) 22.11.2021 ലെ സർക്കാർ പരിപത്രം നം. 110/2022/ധന പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് സർവകലാശാല ജീവനക്കാർക്കും പെൻഷൻകാർക്കും ബാധകമാക്കുകയുണ്ടായി. ആയത് 08.12.2021 ലെ 1800/2018/അഡ്മിൻ എന്ന പരിപത്രം ഇറക്കി മലയാളസർവകലാശാലയിൽ നടപ്പിലാക്കിയ നടപടി അംഗീകരിച്ചു.

(1800/2018/അഡ്മിൻ/(2) - ഭരണവിഭാഗം)

ഇനം നമ്പർ: **2022.30**

വിഷയം: **സർവകലാശാലയുടെ ഫിനാൻസ് ഓഫീസറായ ശ്രീമതി. മരിയറ്റ് തോമസ്സിന്റെ വാങ്ങിക്കൊണ്ടിരിക്കുന്ന അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 12% വിഹിതവും അഡ്മിനിസ്ട്രേഷൻ ചാർജ്ജും ചേർത്ത് ഇ.പി.എഫിൽ അടക്കുന്ന കാര്യം പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സി.എ.ജി.യുടെ ഓഡിറ്റ് നിർദ്ദേശം മലയാളസർവകലാശാലയിലെ കേരള സ്റ്റേറ്റ് ഓഡിറ്റ് വിഭാഗത്തിന് നൽകി ഈ വിഷയത്തിലുള്ള അവരുടെ അഭിപ്രായം ലഭ്യമാക്കി അതിൽ യുക്തമായ തീരുമാനമെടുക്കാൻ വൈസ് ചാൻസലറെ അധികാരപ്പെടുത്താൻ തീരുമാനിച്ചു.

(2020/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.31**

വിഷയം: **മാങ്ങാട്ടിരിയിൽ സർവകലാശാലാ ക്യാമ്പസും, കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും നിരാക്ഷേപ പത്രം ലഭിക്കുന്നതിന് ബജറ്റ് പുന:ക്രമീകരണം വഴി 3,33,000/- രൂപ ചെലവഴിച്ചത് റിപ്പോർട്ട് ചെയ്യുന്നത്**

തീരുമാനം: മാങ്ങാട്ടിരിപാലത്തിന് സമീപം സർവകലാശാല ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് നിർമിക്കുന്ന നിർദ്ദിഷ്ട കെട്ടിടസമുച്ചയങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ ഏർപ്പാടുകൾ സംബന്ധിച്ചുള്ള പ്ലാൻ അംഗീകരിച്ച് നിരാക്ഷേപപത്രം ലഭിക്കുന്നതിന് ഫയർ & റെസ്ക്യൂ വിഭാഗത്തിന് സമർപ്പിച്ച അപേക്ഷഫീസിനത്തിൽ അടച്ച 3,33,000/- (മൂന്ന് ലക്ഷത്തി മുപ്പത്തിമൂവായിരം) അനുവദിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് നമ്പർ 1800/2018/അഡ്മിൻ തീയതി 18.02.2022 പ്രകാരമുള്ള നടപടി അംഗീകരിച്ചു.

(പി.എ./പ.വ/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.32**

വിഷയം: **മൊഴിയഴക്- മലയാളഭാഷയെക്കുറിച്ച് ഡോക്യുമെന്ററി തയ്യാറാക്കുന്നത് റിപ്പോർട്ട് ചെയ്യുന്നത്**

തീരുമാനം: 'മൊഴിയഴക്' എന്ന പേരിൽ മലയാളഭാഷയെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി ചലച്ചിത്രപഠന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീദേവി പി. യെ ചുമതലപ്പെടുത്തി ഉത്തരവ് (450/എ1/2020/അഡ്മിൻ. തീയതി: 25.02.2022) പുറപ്പെടുവിച്ചു 4,83,000 രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകി അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 50,000 രൂപ (അമ്പതിനായിരം രൂപ) ഡോ. പി. ശ്രീദേവിക്ക് മുൻകൂറായി അനുവദിച്ച് തീരുമാനമെടുത്ത വൈസ് ചാൻസലറുടെ നടപടികൾ അംഗീകരിച്ചു. സാങ്കേതികമികവോടെ 'മൊഴിയഴക്' സമയബന്ധിതമായി പൂർത്തിയാക്കി ഡോക്യുമെന്ററിയുടെ വിപണന സാദ്ധ്യതകൾ കണ്ടെത്തുവാനും അത് പ്രേക്ഷകരിലേക്ക് എത്തിക്കുവാനുമുള്ള പ്രവർത്തനങ്ങൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും യോഗം നിർദ്ദേശിച്ചു.

(450/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.33**

വിഷയം: **കളരിപ്പയറ്റിനെക്കുറിച്ച് ഗൈഡ് പ്രസിദ്ധീകരിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: കളരിപ്പയറ്റിനെക്കുറിച്ച് ഒരു ആധികാരികഗ്രന്ഥം മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കുവാനുള്ള നിർദ്ദേശങ്ങളടങ്ങിയ പദ്ധതിരൂപരേഖ യോഗം വിശദമായി ചർച്ച ചെയ്തു. ഇതുസംബന്ധമായി സർവകലാശാല ഇതിനോടകം എടുത്തിട്ടുള്ള നടപടികൾ അംഗീകരിച്ചു. തുടർന്ന് ഈ പദ്ധതി ഏറ്റെടുത്ത് നിർവഹിക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനകായിക യുവജനക്ഷേമ ഡയറക്ടറും സർവകലാശാല രജിസ്ട്രാറും തമ്മിൽ ഒപ്പുവെക്കേണ്ട ധാരണാപത്രത്തിന് അംഗീകാരം നൽകി. തുടർപ്രവർത്തനങ്ങൾക്കായി രൂപം നൽകി രൂപീകരിക്കേണ്ട നിർദ്ദിഷ്ട മൂന്ന് കമ്മിറ്റികളുടെ നിർദ്ദേശങ്ങളും അംഗീകരിച്ചു. അതോടൊപ്പം ഈ പദ്ധതിയുടെ നടത്തിപ്പിൽ ആവശ്യമെങ്കിൽ കളരിപ്പയറ്റിൽ ഗവേഷണം നടത്തിയ ഡോ. കെ. വിജയകുമാറുമായി കൺസൾട്ട് ചെയ്യാവുന്നതാണെന്നും യോഗം നിർദ്ദേശിച്ചു.

നിർവാഹകസമിതി അംഗം കൂടിയായ ഡോ. കെ.കെ.എൻ. കുറുപ്പിനെ കൂടി മോണിറ്ററിങ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(3358/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.34**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയ്ക്കു വേണ്ടിയുള്ള പുതിയ കാമ്പസ് വികസനത്തിന്റെയും കെട്ടിടനിർമാണപ്രവൃത്തികളുടെയും മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി പരിചയസമ്പന്നനും സാങ്കേതികയോഗ്യതുയുള്ളതുമായ എഞ്ചിനീയറെ താൽകാലികമായി നിയോഗിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മലയാളസർവകലാശാലാ കാമ്പസ് വികസനവും കെട്ടിടസമുച്ചയങ്ങളുടെ നിർമാണപ്രവൃത്തികളും പുരോഗമിക്കുകയാണ്. അതോടൊപ്പം നിലവിലെ കാമ്പസിൽ ഒരു സ്ഥിരം കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികളും ത്വരിതഗതിയിൽ നടന്നു വരികയാണ്. ഇതെല്ലാം കാര്യക്ഷമമായി നിർവഹിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമുള്ള ആരേയും സർവകലാശാലയിൽ നിയമിച്ചിട്ടില്ല. അതുമൂലം നിർമാണപ്രവൃത്തികളും മറ്റും നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിക്കാനിടയുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഇറിഗേഷൻ വകുപ്പിൽ നിന്നും വിരമിച്ച സൂപ്രണ്ടിങ് എഞ്ചിനീയർ ശ്രീ ചന്ദ്രൻ എ.വി. സമർപിച്ച പ്രൊഫൈൽ വിലയിരുത്തി അദ്ദേഹത്തെ എഞ്ചിനീയർ ആയി നിയമിക്കണമെന്ന നിർദ്ദേശം ചർച്ച ചെയ്തു അംഗീകരിച്ചു. അദ്ദേഹത്തെ തൽക്കാലം 30,000 രൂപ സഞ്ചിത വേതനത്തിൽ ഒരു വർഷക്കാലത്തേക്ക് നിയമിക്കുവാനും ചുരുങ്ങിയത് ആഴ്ചയിൽ മൂന്ന് ദിവസം സർവകലാശാലയിൽ എത്തി നിർമാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുവാനും തീരുമാനിച്ചു.

(813/2018/രജി - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.35**

വിഷയം: **പൈതൃകപഠനഫാക്കൽറ്റിയൽ പിഎച്ച്.ഡി. ഗവേഷണം പൂർത്തിയാക്കിയ ഫിഫാന കെ. ക്ക് ഗവേഷണബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സംസ്കാരപൈതൃക പഠനസ്കൂളിലെ പ്രൊഫ. ഡോ. കെ.എം. ഭരതന്റെ മാർഗ്ഗദർശനത്തിൽ 'മലബാറിലെ മുസ്ലീ സ്ത്രീകർത്തൃത്വം സാഹിത്യകൃതികളിൽ (തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം)' എന്ന വിഷയത്തിൽ ശ്രീമതി ഷിഫാന കെ. ഗവേഷണം വിജയകരമായി പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചു. പ്രബന്ധം വിലയിരുത്തി മൂല്യനിർണയം നടത്തി വാചാപരീക്ഷാബോർഡ് സമർപ്പിച്ച സമഗ്രമൂല്യനിർണയ റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ചു ശ്രീമതി ഷിഫാന കെ. ക്ക് പിഎച്ച്.ഡി. ബിരുദം നൽകാൻ തീരുമാനിച്ചു.

(15/പിഎച്ച്.ഡി/2020-21/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.36**

വിഷയം: **ധനകാര്യകമ്മിറ്റി പുനഃസംഘടിപ്പിച്ച വിഷയം നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: കാലാവധി പൂർത്തിയാക്കിയ ധനകാര്യകമ്മിറ്റി പുനഃസംഘടിപ്പിച്ച് വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് (നമ്പർ: 324/2019/ഫിൻ, തീയതി: 04.03.2022) പ്രകാരമുള്ള നടപടികൾ യോഗം അംഗീകരിച്ചു. നിർവാഹകസമിതിയിലെ പ്രതിനിധികളെ കൂടി ചേർത്ത് കമ്മിറ്റി വിപുലീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(324/2019/ഫിൻ - ഫിനാൻസ് വിഭാഗം)

* ഇനം നമ്പർ: **2022.37**

വിഷയം: **പെൻഷൻഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച്**
(ചർച്ചക്കിടയിൽ ഉന്നയിക്കപ്പെട്ട വിഷയം)

തീരുമാനം: സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും പെൻഷൻഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളടങ്ങിയ 19.01.2022 ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് സ.ഉ. (അച്ചടി) നം. 8/2022/ധന നിർവാഹകസമിതി യോഗത്തിന്റെ ശ്രദ്ധയിൽ ഡോ. ലിസി മാത്യു അവതരിപ്പിച്ചു. പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള സർക്കാരിന്റെ സദുദ്ദേശ്യം സ്വീകാര്യമാണെങ്കിലും പെൻഷൻ ഫണ്ടിലേക്കുള്ള ധനസ്രോതസ്സ്, ബോർഡ് രൂപീകരണം, വരവ് ചെലവ് ചെയ്യേണ്ട തുകകൾ എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ മലയാളസർവകലാശാലയുടെ പ്രവർത്തനങ്ങളെയും നിലനിൽപിനെയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന് അംഗങ്ങൾ ചർച്ചയിൽ ചൂണ്ടികാണിച്ചു. ആയതിനാൽ പെൻഷൻഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് സർവകലാശാലയിലെ നിർവാഹകസമിതി അംഗങ്ങളുമായും സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥൻമാരുമായും ബന്ധപ്പെട്ട മറ്റ് എല്ലാവരുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ എടുക്കണമെന്ന് നിർവാഹകസമിതിയോഗം സർക്കാരിനോട് അഭ്യർത്ഥിക്കുകയും ഇക്കാര്യങ്ങൾ മുഖ്യമന്ത്രിയേയും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയേയും ധനകാര്യവകുപ്പ് മന്ത്രിയേയും ബോധ്യപ്പെടുത്തുന്നതിന് നിർവാഹകസമിതിയുടെ ഒരു പ്രതിനിധി സംഘത്തെ സർക്കാരിലേക്ക് നിയോഗിക്കണമെന്നും തീരുമാനിച്ചു.

സഭയിൽ അവതരിപ്പിച്ച അജണ്ടകൾ അവസാനിച്ചതോടെ യോഗം ഉച്ചക്ക് 12.30 ന് അവസാനിച്ചതായി അദ്ധ്യക്ഷനായ വൈസ് ചാൻസലർ അറിയിച്ചു.



രജിസ്ട്രാർ ഇൻ ചാർജ്